## പതിമൂന്നാം കേരള നിയമസഭ.
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.634 — 11/06/2013 ൽ മറുപടിയ്ക്ക്

## പാറ ഖനനം ചെയ്യുന്നതിന് ലൈസൻസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ബാബു.എം.പാലിശ്ശേരി | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | കോട്ടയം ജില്ലയിലെ മൂന്നിലവ് പഞ്ചായത്തിൽ നെല്ലിപ്പാറയിൽ പാറ ഖനനം ചെയ്യുന്നതിന് ആർക്കെങ്കിലും ലൈസൻസ് നല്കിയിട്ടുണ്ടോ ; എങ്കിൽ ആർക്കെല്ലാം എന്നും ഏതെല്ലാം വ്യവസ്ഥകളിൽ എത്ര കാലത്തെയ്ക്ക് എന്നും ഏതെല്ലാം സർവ്വേ നമ്പറുകളിൽപ്പെട്ട എത്ര ഏക്കർ സ്ഥലത്ത് എന്നും വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കോട്ടയം ജില്ലയിലെ മൂന്നിലവ് വില്ലേജിൽ നെല്ലാപ്പാറ എന്ന സ്ഥലത്ത് മെ. പി.വി. ഗ്രാനൈറ്റ്സ്, മൂന്നിലവ് എന്ന സ്ഥാപനത്തിന് മൂന്നിലവ് വില്ലേജിൽ 24/1, 2, 3,24 എന്നീ സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട 14.20 ആർ സ്ഥലത്ത് 10.12.2013 വരെ കാലാവധിയിൽ കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റത്തിൽ ക്വാറി യിംഗ് പെർമിറ്റ് നൽ കിയി ട്ടുണ്ട്. ഇതുകൂടാതെ ശ്രീ. ജോർജ്ജ് ജോസഫ്, തെങ്ങണാകുന്നേൽ വീട്, മൂന്നിലവ്.പി.ഓ., എന്നയാൾക്ക് മൂന്നിലവ് വില്ലേജിൽ, 149/1, 149/2 എന്നീ സർവ്വെകളിൽ ഉൾപ്പെട്ട 9.64 ആർ സ്ഥലത്ത് 10.12.2013 വരെ കാലാവധിയിൽ ക്വാറി യിംഗ് പെർമിറ്റ് നൽ കിയിട്ടുണ്ട്. |
| (ബി) | പാറ ഖനനം നട ത്തുന്നതിന് ലൈസൻസ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് എന്നും ഏതെല്ലാം വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും അനുമതി കൾ ലഭ്യമാക്കേണ്ടതുണ്ട് എന്നും അറിയിക്കുമോ; | (ബി) | 1967–ലെ കേരളാ മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ നിർദ്ദേശിക്കുന്ന നിബന്ധനകൾ അടിസ്ഥാനമാക്കിയാണ് ക്വാറി യിംഗ് പെർമിറ്റ് അനുവദിക്കുന്നത്. പാറ ഖനനം ചെയ്ത് വിപണനം നടത്തുന്നതിന് എക്സ്പ്ളോസീവ് ലൈസൻസ്, ബ്ളാസ്റ്റ്മാൻ ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിൻെറ നിരാക്ഷേപ പത്രം, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ അനുമതി പത്ര വും ആവശ്യമാണ്. കൂടാതെ കോടതി വിധികൾ, ഗവൺമെന്റ് നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചുമാണ് അനുമതി നൽകുന്നത്. |

| | | | |
|---|---|---|---|
| (സി) | മുന്നിലവ് പഞ്ചായത്തിൽ അനുവദിച്ച എല്ലാ കരിങ്കൽ ക്വാറികളുടെയും കാര്യത്തിൽ അവയെല്ലാം ലഭ്യമാക്കിയതിന് ശേഷമാണോ, ലൈസൻസ് നല്കിയിട്ടുള്ളത് എന്നും നിയമാനുസൃതമായ എല്ലാ അനുമതികളും ഇല്ലാതെ മുന്നിലവ് പഞ്ചായത്തിൽ ഏതെല്ലാം ക്വാറികൾ പ്രവൃത്തിക്കുന്നുണ്ട് എന്നും അവ ആരുടെയെല്ലാം പേരിലാണെന്നും വിശദമാക്കാമോ? | (സി) | ക്വാറി യിംഗ് പെർമിറ്റ് അനുവദിക്കുമ്പോൾ മേൽ സൂചിപ്പിച്ച ലൈസൻസുകൾ ഹാജരാക്കേണ്ട ആവശ്യമില്ല. തുടർന്ന് ഖനനം നടത്തി ധാതു ഗതാഗതം നടത്തുമ്പോൾ മേൽപ്പറഞ്ഞ ലൈസൻസുകൾ ഹാജരാക്കിയാൽ മാത്രമേ ധാതു ഗതാഗതത്തിനുള്ള ഫാറം 'പി' ക്യാഷ് മെമ്മോറാണ്ടങ്ങൾ അനുവദിക്കുകയുള്ളൂ. ടി പഞ്ചായത്തിൽ മെ. പി.വി. ഗ്രാനൈറ്റ്സ്, ശ്രീ. ജോർജ്ജ് ജോസഫ് എന്നീ ആളുകൾക്കൊഴികെ മറ്റാർക്കും പാറ ഖനനത്തിന് മൈനിംഗ് & ജിയോളജി വകുപ്പ് നിലവിൽ അനുമതി നല്കിയിട്ടില്ല.<br>മുന്നിലവ് പഞ്ചായത്തിൽ അനധികൃത കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**